# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുമാറാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(പി9)515/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-ഇകെഎം(പി9)515/2021 തീയ്യതി: 31/03/2021

## എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 18-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്.കെ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.റസിയബീവി.ജെ. ഓഡിറ്റ് ഓഫീസർ
ശ്രീ.അജിമോൻ.പി.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ്.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഒ.എൻ.വിജയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| റെയ്സൺ.വി.വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 25-04-2019 |
| അജില.യു.എസ്. | സെക്രട്ടറി | 26-04-2019 | 04-05-2019 |
| റെയ്സൺ.വി.വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-05-2019 | 05-06-2019 |
| അജില.യു.എസ്. | സെക്രട്ടറി | 06-06-2019 | 08-07-2019 |
| റെയ്സൺ.വി.വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-07-2019 | 28-07-2019 |
| അജില.യു.എസ്. | സെക്രട്ടറി | 29-07-2019 | 12-11-2019 |
| റെയ്സൺ.വി.വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-11-2019 | 25-11-2019 |
| അജില.യു.എസ്. | സെക്രട്ടറി | 26-11-2019 | 30-11-2019 |
| റെയ്സൺ.വി.വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2019 | 01-12-2019 |
| രാജശ്രീ.കെ | സെക്രട്ടറി | 02-12-2019 | 22-12-2019 |
| റെയ്സൺ.വി.വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-12-2019 | 21-01-2020 |
| രാജശ്രീ.കെ | സെക്രട്ടറി | 22-01-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| ശ്രീമതി.സീനു ജോസഫ് | കൃഷി ഓഫീസർ | 01-04-2019 |
| ഡോ.സാവിത്രി.എ.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 |
| ഡോ.ജോർളിൻ ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 |
| | | |

| | | |
|---|---|---|
| ഡോ.സൂര്യമോൾ.വി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 |
| ശ്രീമതി.കൃഷ്ണേന്ദു മോഹൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 |
| ശ്രീ.മഞ്ചുഷ് ജോസഫ് | വി.ഇ.ഒ (ഒലിയപ്പുറം) | 01-04-2019 |
| ശ്രീ.ബിജു.റ്റി. | വി.ഇ.ഒ (മണ്ണത്തൂർ) | 01-04-2019 |
| ശ്രീമതി.നീതു ജോൺസൺ | വി.ഇ.ഒ (തിരുമാറാടി) | 01-04-2019 |
| ഒഴിവ് | വി.ഇ.ഒ (തിരുമാറാടി) | 18-08-2019 |
| ശ്രീമതി.രാജി.കെ.ആർ. | വി.ഇ.ഒ (തിരുമാറാടി) | 18-09-2019 |
| ഒഴിവ് | വി.ഇ.ഒ (തിരുമാറാടി) | 12-10-2019 |
| ശ്രീമതി.രാജി.കെ.ആർ. | വി.ഇ.ഒ (തിരുമാറാടി) | 04-12-2019 |
| ഡോ.സഫ്ന ഐസെക്ക് | വെറ്റിനറി സർജൻ | 01-04-2019 |
| ശ്രീമതി.ബിന്ദു പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 |
| ശ്രീമതി.ഗീതാജ്ഞലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 |
| ശ്രീമതി.പി.ഗിരിജ | എച്ച്.എം.(ജി.എൽ.പി.സ്കൂൾ) | 01-04-2019 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.P.Ajimon (Asst. Audit Officer, On 26-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-1 |
| 2 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Aneesh R (Auditor, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-4 |
| 5 | സംയുക്തപ്രോജക്ട് -ഫണ്ട് വിനിയോഗം വ്യക്തതയില്ല<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh R (Auditor, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh R (Auditor, On 20-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-9 |
| 11 | ഗ്രാമസഭകൾ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല – ജനപങ്കാളിത്തം കുറയുന്നു.<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-10 |
| 12 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമല്ല<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-11 |
| 13 | നിക്ഷേപപ്രവൃത്തി- ചെലവ് ചെയ്യാത്ത ബാക്കിതുക- തിരികെ ഈടാക്കണം.<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-12 |
| 14 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-13 |
| 15 | ദുരിതാശ്വാസ നിധി - വിനിയോഗിക്കുന്നില്ല<br>Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-14 |
| 16 | വെള്ളക്കരം കുടിശ്ശിക - 68.65ലക്ഷം രൂപയുടെ ബാദ്ധ്യത | 1-15 |

| | | |
|---|---|---|
| | Written By: P.P.Ajimon (Asst. Audit Officer, On 25-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | |
| 17 | വി.ഇ.ഒ.മണ്ണത്തൂർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-16 |
| 18 | എം.ആർ.എഫ്.സെന്ററിലെ പ്രവർത്തകർക്ക് ധനസഹായം<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-16-1 |
| 19 | അംഗപരിമിതർക്ക് പെട്ടിക്കടകൾ<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-16-2 |
| 20 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-16-3 |
| 21 | കാർഷിക പ്രോജക്ടുകൾ - അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല.<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-17 |
| 22 | നെൽകൃഷിവികസനം- കൂലിചെലവ് സബ്സിഡി<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-17-1 |
| 23 | പച്ചക്കറിക്കൃഷിക്ക് കൂലിചെലവ് സബ്സിഡി<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-17-2 |
| 24 | എസ്ബിഐ ഹൗസിംഗ് അക്കൗണ്ട് - പ്രവർത്തനരഹിതം<br>Written By: Aneesh R (Auditor, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-18 |
| 25 | ഫാക്ടറി-വ്യാപാര ലൈസൻസ് - അപാകതകൾ<br>Written By: Aneesh R (Auditor, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-19 |
| 26 | തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-20 |
| 27 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-21 |
| 28 | സാമ്പത്തികസ്ഥിതി ആരോഗ്യകരമല്ല<br>Written By: Aneesh R (Auditor, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-22 |
| 29 | സ്റ്റോക്ക് രജിസ്റ്റർ - സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.P.Ajimon (Asst. Audit Officer, On 28-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-23 |
| 30 | തുല്യതാ പഠനം തുക നല്കൽ -അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-24 |
| 31 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം- സ്റ്റോക്ക് രജിസ്ററർ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-25 |
| 32 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല<br>Written By: Ressiya Beevi J (Audit Officer, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-26 |

| | | |
|---|---|---|
| 33 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 29-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-27 |
| 34 | മുൻഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.<br>Written By: P.P.Ajimon (Asst. Audit Officer, On 24-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 1-28 |
| 35 | കാലി വീപ്പയുടെ വില കുറച്ച്ട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 30-03-2021)<br>Last Updated By: Ressiya Beevi J (Audit Officer, On 30-03-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാലി വീപ്പയുടെ വില കുറച്ചിട്ടില്ല<br>Written By: Ressiya Beevi J (Audit Officer, On 31-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 19-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 25-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 28-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 19-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 24-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 24-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 24-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 19-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 19-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: Bindu L (Computer Assistant, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.P.Ajimon (Asst. Audit Officer, On 19-03-2021)<br>Last Updated By: P.P.Ajimon (Asst. Audit Officer, On 24-03-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്.

തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 22.02.2019 ലെ 1-ാം നമ്പർ തീരുമാനമനുസരിച്ച് താഴെ ചേർക്കുന്ന രീതിയിൽ പാസ്സാക്കിയിട്ടുണ്ട്.

| | |
|---|---|
| മുന്നിരുപ്പ് | 58,31,897.00 |
| വരവ് | 14,80,33,700.00 |
| ആകെ | 15,38,65,597.00 |
| ചെലവ് | 15,03,51,700.00 |
| നീക്കിയിരുപ്പ് | 35,13,897.00 |

ബജറ്റ് എസ്റ്റിമേറ്റ്- യഥാർത്ഥ വരവ് ചെലവുകളുമായി വലിയ അന്തരം

കേരള പഞ്ചായത്ത് രാജ് വകുപ്പ് 214(3) പ്രകാരം ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് യഥാർത്ഥവും കൃത്യവുമായിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നും കാര്യമായ വ്യത്യാസം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ കുറിപ്പോടുകൂടിയുള്ള വിശദീകരണം ബജറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ യഥാർത്ഥ്യവുമായി വലിയ അന്തരമുണ്ടെങ്കിലും വിശദീകരണകുറിപ്പ് ലഭ്യമല്ല.

| | |
|---|---|
| 2019-20 ബജറ്റ് പ്രതീക്ഷിത വരവ് | 14,80,33,700.00 |
| 2018-19 ലെ യഥാർത്ഥ വരവ് | 7,14,89,269.00 |
| വ്യത്യാസം | 7,65,44,431.00 |

അപ്രോപ്രിയേഷൻ -നിയന്ത്രണം ഉറപ്പാക്കുന്നില്ല.

തുകകൾ വിനിയോഗിക്കുമ്പോൾ അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള അപ്രോപ്രിയേഷൻ കൺട്രോൾ ഫയലുകളിൽ രേഖപ്പെടുത്തുന്നില്ല. യാത്രബത്ത ബില്ലുകളിൽ മാത്രമാണ് ഇത്തരത്തിലുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രേഖപ്പെടുത്തുന്നുള്ളു.

തൊഴിലുറപ്പ്- ഭരണചെലവ് മുൻകൂർ- ബജറ്റ് എസ്റ്റിമേറ്റ് ഇല്ല.

ബജറ്റിൽ ഉൾപ്പെടുത്താതെയാണ് തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ ഓണറേറിയം, കണ്ടിജന്റ് ചെലവ് എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ ആയി അനുവദിക്കുന്നത്. ഇത് തനത് ഫണ്ട് ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ള മറ്റ് പദ്ധതികൾക്ക് ഫണ്ട് യഥാസമയം ലഭ്യമാകുന്നതിനുള്ള സാദ്ധ്യത കുറയുന്നതിന് കാരണമാകുന്നുണ്ട്. ബജറ്റ് നിയന്ത്രണമില്ലാതെ ഈ ആവശ്യത്തിലേക്കായി വിനിയോഗിച്ച ഫണ്ട് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ തിരികെ ലഭിക്കാനുള്ള തുക | 544682.00 |
| തൻവർഷം നൽകിയ മുൻകൂർ | 1219736.00 |
| ആകെ | 1764418.00 |
| തൻവർഷം തിരികെ ലഭിച്ച തുക | 942960.00 |
| വർഷാവസാനം തിരികെ ലഭിക്കുവാൻ ബാക്കിയുള്ള തുക | 821458.00 |

പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ്-തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവതയ്യാറാക്കിയിട്ടില്ല.

ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയിട്ടില്ല.

## 1-2 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) B11 ഷെഡ്യൂളിലെ Other Constructions (410300399) ഹെഡ്ഡിലെ തുക മുൻവർഷത്തെ നീക്കിയിരിപ്പും, തൻവർഷത്തെ RP38 ഷെഡ്യൂളിലെ , ചെലവുമായി പൊരുത്തപ്പെടുന്നില്ല.

2) Advance To Implementing Agencies - Deposit With Kerala Water Authority (460500201) ഹെഡ്ഡിലെ തുക മുൻവർഷത്തെ നീക്കിയിരിപ്പും, തൻവർഷത്തെ RP47 ഷെഡ്യൂളിലെ, ചെലവുമായി പൊരുത്തപ്പെടുന്നില്ല.

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് 1118000/- രൂപ ലഭിക്കാനുണ്ടായിരുന്നു. ടി തുക ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചിട്ടില്ല. എന്നാൽ, ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇന്കം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 191176/- രൂപയും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 14706/- രൂപയും ഉൾപ്പെടെയുള്ള തുക കുറച്ച ശേഷം Schedule B-5 പ്രകാരം ഹഡ്കോ ലൈഫ്ഭവനപദ്ധതിയുടെ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക 1288931.00 രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി തുകയിൽ 8650 രൂപ കുറവായിക്കാണുന്നു.

6)13 വാർഡ് സാനിട്ടേഷൻ സമിതികൾക്ക്, മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ആവശ്യപ്പെട്ടതനുസരിച്ച്, വാർഡൊന്നിന് 10000/- രൂപ നിരക്കിൽ മുൻകൂർ നൽകിയിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവ് ഹെഡായ 230800110 ലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. എന്നാൽ ഈ തുക മുൻകൂർ ആയി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ചെലവ് 460100199 Other Advances എന്ന ശീർഷകത്തിലോ മറ്റേതെങ്കിലും മുൻകൂർ ഹെഡിലോ ആയിരുന്ന് രേഖപ്പെടുത്തേണ്ടിയിരുന്നത്.

5) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി കാലീകമാക്കിയിട്ടില്ല.

6) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 10697442.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 48606914.00 |
| ആകെ | | 59304356.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 51890103.00 |
| നീക്കിയിരിപ്പ് | | 7414253.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31892 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1247160.00 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് (അക്കൗണ്ട് ഹെഡ്) | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (160100101) | 0 | 9420000 | 9420000 | 7370530 | 2049470 | 78.24% വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസന ഫണ്ട്-എസ്.സി.പി (160100102) | 0 | 4205000 | 4205000 | 2291311 | 1913689 | 54.5% വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസന ഫണ്ട്-ടി.എസ്.പി (160100103) | 0 | 92000 | 92000 | 40000 | 52000 | 43.48 % വിനിയോഗം. |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (160100104) | 0 | 7200000 | 7200000 | 2599098 | 4600902 | 36.1 % വിനിയോഗം .ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്, റോഡ് (160100401) | 0 | 19730000 | 19730000 | 10367823 | 9362177 | 52.55 % വിനിയോഗം. ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്-റോഡിതരം (160100402) | 0 | 3251000 | 3251000 | 2303355 | 947645 | 70.85 % വിനിയോഗം ബാക്കി തുക ലാപ്സായി. |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് (320100121) | 2135240 | 1413984 | 3549224 | 1051995 | 2497229 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് (320200322) | 351646 | 534840 | 886486 | 328365 | 558121 | |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | | | | | | |
| നിർമൽ പുരസ്കാരം (320900101) | 5500 | 0 | 5500 | 0 | 5500 | |

## 1-4-1 സംയുക്തപ്രോജക്ട് -ഫണ്ട് വിനിയോഗം വ്യക്തതയില്ല

ഓഡിറ്റ് വർഷം ലഭിച്ചതും വിനിയോഗിച്ചതുമായ സംയുക്തപ്രോജക്ടുകളുടെ ഫണ്ട് സംബന്ധിച്ച വിവരങ്ങളും അതുമായി ബന്ധപ്പെട്ട അപാകതകളും താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2372916.00 | 2372916.00 | 0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 1060000.00 | 900000.00 | 200000.00* |

(*ഇത് സംബന്ധിച്ച വിശദമായ പട്ടിക ഖണ്ഡിക 4-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

1. സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 167473/- രൂപ ( 101973/- Capital + 65500/- Revenue ) B.4 Schedule പ്രകാരം നീക്കിയിരുപ്പുണ്ട്. ഈ തുക ഓഡിറ്റ് വർഷത്തിൽ മുന്നിരുപ്പായി ഉണ്ടായിരുന്ന തുകയാണ്. ഇത് ഏതെല്ലാം പ്രോജക്ടുകൾക്കായിട്ട് ലഭിച്ചതാണെന്നും പ്രസ്തുത തുക ഉൾപ്പെടുത്തി നിലവിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പുതിയ പ്രോജക്ടിനായി (എസ്0130/20) തൻവർഷം 60000/- രൂപയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
3. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലൈഫ് ഭവനപദ്ധതി (എസ്0177/20) പ്രോജക്ടിനായി ലഭിച്ച 10 ലക്ഷം രൂപയിൽ 9 ലക്ഷം രൂപയുടെ ചെലവ് ലെഡ്ജർ പ്രകാരം (251300101 Housing General) കാണുന്നുണ്ടെങ്കിലും സുലേഖ സോഫ്റ്റ്വെയർ പ്രകാരം 440000/- രൂപ മാത്രമാണ് ചെലവ് കാണുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
4. സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 1280610/- രൂപ ( 1031200/- Capital + 249410/- Revenue ) B.4 Schedule പ്രകാരം നീക്കിയിരുപ്പുണ്ട്. ഇതിൽ 1031200/- Capital ഇനത്തിലും 49410/- രൂപ Revenue ഇനത്തിലും വർഷാരംഭത്തിൽ നീക്കിയിരുപ്പുള്ള തുകയാണ്. ഇത് ഏതെല്ലാം പ്രോജക്ടുകൾക്കായിട്ട് ലഭിച്ചതാണെന്നും പ്രസ്തുത തുക ഉൾപ്പെടുത്തി നിലവിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 81915917 | 60 | 35707712 | 132 | 7 | 30.15% |

### മോണിട്ടറിങ്.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ

വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

നൂതന പ്രോജക്റ്റുകൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്റ്റുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1650 | 1129728 | 1131378 | 945436 | 185942 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21510830 | 21510830 | 21510830 | 0 |
| ആകെ | 1650 | 22640558 | 22642208 | 22456266 | 185942 |

വാർഷിക കർമ്മ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയില്ല.

2019-20 വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതി വിവിധ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| അംഗീകരിച്ച പഞ്ചായത്ത് തീരുമാനം | അടങ്കൽ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 01/15.12.2018 | 5,92,80,000/- | 348 |
| 21(11) / 09.07.2019 (അഡീഷണൽ) | 1,59,45,500/- | 280 |
| 5(1) /30.10.2019 (അഡീഷണൽ) | 10,63,75,000/- | 890 |
| ആകെ | 18,16,00,500/- | 1518 |

| അകെ പ്രവൃത്തികൾ | സാങ്കേതിക അനുമതി ലഭിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാൻ ബാക്കി |
|---|---|---|---|
| 1518 | 174 | 168 | 6 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20160 | 33 |
| കർഷകത്തൊഴിലാളി പെൻഷൻ | 1979400 | 335 |
| വിധവാപെൻഷൻ | 3390000 | 580 |
| വാർദ്ധക്യകാല പെൻഷൻ | 9614700 | 1651 |
| വികലാംഗ പെൻഷൻ | 1979400 | 176 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 410400 | 70 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38440/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

റവന്യൂ വരവ്

മാനവൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഓരോ ദിവസത്തെയും ക്യാമ്പ് കളക്ഷൻ / ഔട്ട് ഡോർ കളക്ഷൻ സ്റ്റേറ്റ്മെന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത്, തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി അക്കൗണ്ടന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ബാങ്ക് നീക്കിയിരുപ്പ് ഓരോമാസവും പാസ്സ് ബുക്ക് / സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് പാസ്സ് ബുക്ക് / സ്റ്റേറ്റ്മെന്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ അസസ്സ്മെന്റ് രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

## 1-10 ഗ്രാമസഭകൾ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല – ജനപങ്കാളിത്തം കുറയുന്നു.

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന ഒരു വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഇന്നത്തെ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഗ്രാമസഭകൾ ഇപ്രകാരം മാറിയിട്ടുള്ളത്. തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെ ഓഡിറ്റ് വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല:

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019- 2020 വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ജൂൺ/ ജൂലൈ | 1.2019-20 വാർഷിക പദ്ധതി ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ.<br>2. 2018-19 സപ്ലിമെന്ററി ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ<br>3. MGNREGS അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകാരം, സോഷ്യൽ ഓഡിറ്റ് അംഗീകാരം<br>4. അംഗൻവാടി സോഷ്യൽ ഓഡിറ്റ് അംഗീകാരം |

| | | |
|---|---|---|
| | | 5.2018-19 വാർഷിക ധനകാര്യപത്രിക അംഗീകാരം |
| 2 | 2020 ജനുവരി / ഫെബ്രുവരി | 1.2020-21 വാർഷിക പദ്ധതി ചർച്ച – കരട് പദ്ധതി അംഗീകാരം<br>2.2019-20 വാർഷിക പദ്ധതി സപ്ലിമെന്ററി ഗുണഭോക്തൃലിസ്റ്റ് അംഗീകാരം<br>3. PMAY (G) ഗുണഭോക്തൃലിസ്റ്റ് അംഗീകാരം |

<u>ഗ്രാമസഭായോഗങ്ങൾ കൺവീനർ അല്ല വിളിച്ച് ചേർക്കുന്നത്.</u>

KPR Act വകുപ്പ് 3 പ്രകാരം ഗ്രാമസഭകൾ വിളിച്ച് ചേർക്കേണ്ടത് ബന്ധപ്പെട്ട വാർഡ് മെമ്പർ ആണ്. എന്നാൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുചേർക്കുന്നതിന് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും സംയുക്തമായിട്ടാണ്. ഗ്രാമസഭ വിളിച്ചുചേർക്കേണ്ട നിയപരമായ അവകാശം വാർഡ് മെമ്പറിൽ മാത്രം നിക്ഷിപ്തമായിരിക്കെ പ്രസിഡന്റും സെക്രട്ടറിയും വിളിച്ച് ചേർത്തിട്ടുള്ള ഗ്രാമസഭായോഗങ്ങൾക്ക് നിയമ സാധുത ഉണ്ടായിരിക്കുകയില്ല.

<u>ഗ്രാമസഭയുടെ എല്ലാ അധികാരങ്ങളും ചുമതലകളും നിറവേറ്റപ്പെടുന്നില്ല :</u>

KPR Act വകുപ്പ് 3എ പ്രകാരം ഗ്രാമസഭയ്ക്ക് 19 അധികാരങ്ങളും ചുമതലകളും നിറവേറ്റുവാനുണ്ട്. എന്നാൽ ഇതിൽ ആദ്യത്തെ 3 ചുമതലകൾ മാത്രമാണ് ഗ്രാമസഭകൾ നിർവഹിക്കുന്നതായി ഗ്രാമസഭ യോഗ മിനുട്ട്സ് വെളിപ്പെടുത്തുന്നുള്ളൂ. KPR Act വകുപ്പ് 3ബി(2) പ്രകാരം 3എ വകുപ്പിൽ പരാമർശിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് കാലാകാലമുള്ള റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തിന് നൽകേണ്ട ഉത്തവാദിത്തവും നിറവേറ്റപ്പെടുന്നില്ല.

<u>ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടുന്നില്ല:</u>

KPR Act വകുപ്പ് 3ബി പ്രകാരം 8 ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതുണ്ട്. എന്നാൽ ഇവയൊന്നും തന്നെ നിറവേറ്റപ്പെടുന്നതായുള്ള വിവരങ്ങൾ ഗ്രാമസഭായോഗ മിനുട്ട്സിൽ കാണുന്നില്ല. ഇവ വിലയിരുത്തുന്നതിനായി പ്രത്യേക അജണ്ട ഗ്രാമസഭാ യോഗങ്ങളിൽ ഉൾപ്പെടുത്തുന്നുമില്ല.

ഗ്രാമസഭകൾ എടുക്കുന്ന തീരുമാനങ്ങൾ ഏതെല്ലാം നടപ്പിലാക്കി എന്നും ഏതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നും ആയതിന്റെ കാരണമെന്തെന്നും ഗ്രാമസഭയെ ബോധിപ്പിക്കേണ്ട പഞ്ചായത്തിന്റെ നിയമപരമായ ഉത്തരവാദിത്തം നിറവേറ്റപ്പെടുന്നില്ല. ഇത് ജനങ്ങളെ ഗ്രാമസഭകളിൽ നിന്നും അകറ്റി നിർത്തുന്നതിന് കാരണമാകുന്നുണ്ട്. തങ്ങൾ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടു എന്നറിയുമ്പോൾ, നടപ്പിലായില്ലെങ്കിൽ ആയതിന്റെ കാരണം ബോദ്ധ്യപ്പെടുമ്പോൾ, ഗ്രാമസഭകളിലുള്ള വിശ്വാസവും ചുമതലയും ജനങ്ങളിൽ വർദ്ധിക്കുന്നതിന് കാരണമാകും.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

<u>1-11 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമല്ല</u>

| | |
|---|---|
| വൗച്ചർ നമ്പർ | 21900097/10.5.2019 |
| തുക | 130000/- രൂപ |
| അക്കൗണ്ട് | 230800110 Sanitation |

| ഹെഡ് | Expenses |
|---|---|

തിരുമാറാടി ഗ്രാമപഞ്ചായത്തിലെ 13 വാർഡ് സാനിട്ടേഷൻ സമിതികൾക്ക്, മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ആവശ്യപ്പെട്ടതനുസരിച്ച്, വാർഡൊന്നിന് 10000/- രൂപ നിരക്കിൽ മുൻകൂർ നൽകിയിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവ് ഹെഡായ 230800110 ലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. എന്നാൽ ഈ തുക മുൻകൂർ ആയി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ചെലവ് 460100199 Other Advances എന്ന ശീർഷകത്തിലോ മറ്റേതെങ്കിലും മുൻകൂർ ഹെഡിലോ ആയിരുന്നു രേഖപ്പെടുത്തേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/22.03.2021) അറിവില്ലായ്മ മൂലം മുൻകൂർ ഹെഡിൽ രേഖപ്പെടുത്താൻ കഴിഞ്ഞില്ല എന്നും വാർഡ് സാനിട്ടേഷൻ സമിതികളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് വിധേയമായി 130000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### <u>1-12 നിക്ഷേപപ്രവൃത്തി- ചെലവ് ചെയ്യാത്ത ബാക്കിതുക- തിരികെ ഈടാക്കണം.</u>

ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റ് Schedule B.18 പ്രകാരം ഓഡിറ്റ് വർഷം ക്രമീകരിക്കുവാൻ നീക്കിയിരിപ്പുള്ള തുക 862444/- രൂപയാണ്. ഇതിൽ 1.56 ലക്ഷം രൂപ പഞ്ചായത്തിലെ വിവധ പൈപ്പ് ലൈനുകൾ നീട്ടൽ (എസ് 0090/20) എന്ന പ്രോജക്ടിനായി തൻവർഷം നിക്ഷേപിച്ച തുകയാണ്. ഈ തുകയുടെയും ബാക്കിയുള്ള നിക്ഷേപത്തുകയുടെയും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം. (07/23.3.2021) ആവശ്യപ്പെട്ടതിനെത്തുടർന്ന് ജലഅതോറിറ്റിയിൽ നിന്നും ലഭ്യമായ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഇവ പ്രകാരം 596893/- രൂപ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ചതിൽ വിനിയോഗിക്കാതെ ജലഅതോറിറ്റിയിൽ അവശേഷിക്കുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | നിക്ഷേപിച്ച തീയതി | നിക്ഷേപിച്ച തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിച്ച തുക | ജല അതോറിറ്റിയിൽ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | തിരുമാറാടി പഞ്ചായത്തിലെ പഴയ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കൽ | 17.11.2017 | 1190000/- | 723556/- (വിനിയോഗ സാക്ഷ്യപത്രം തീയതി 10.12.2018) | 466444/- |
| 2 | സ്ട്രീറ്റ് ടാപ്പ് വിച്ഛേദിക്കൽ | 30.03.2019 | 240000/- | 118003/- (വിനിയോഗ സാക്ഷ്യപത്രം തീയതി 05.06.2020) | 121997/- |
| 3 | പഞ്ചായത്തിലെ വിവധ പൈപ്പ് ലൈനുകൾ നീട്ടൽ -വാർഡ് 12 | 18.01.2020 | 156000/- | 147548/- (വിനിയോഗ സാക്ഷ്യപത്രം തീയതി 25.03.2021) | 8452/- |
| ജല അതോറിറ്റിയിൽ ബാക്കിയുള്ള ആകെ തുക | | | | | 5,96,893/- |

നിക്ഷേപത്തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 596893/- രൂപ ജലഅതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-13 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവൽസരപദ്ധതിയുടെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ 29.01.2018 ലെ സ.ഉ.(കൈ) 11/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ ഖണ്ഡിക 3.1.2ൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പുനസംഘടനയും പ്രവർത്തനവും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തിരുമാറാടി ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായുള്ള വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

മാർഗ്ഗരേഖ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും 12 അനിവാര്യ വർക്കിങ്ങ് ഗ്രൂപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ 04.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം "ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" എന്ന വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്ട്സ് ബുക്കുകൾ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആകെ 7 വർക്കിങ്ങ് ഗ്രൂപ്പുകളുടെതുമാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വർക്കിങ്ങ് ഗ്രൂപ്പ് | യോഗം ചേർന്ന തീയതികൾ | റിമാർക്ക്സ് |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ) | 9.10.2018 | 2019-20 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| | | 6.12.2018 | മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. യോഗം ചേർന്നതെന്തിനെന്ന് വ്യക്തമല്ല |
| | | 1.1.2020 | |
| | | 21.1.20 | 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| 2 | കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ) | | മിനുട്ട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 3 | മൃഗസംരക്ഷണവും ക്ഷീര വികസനവും | | മിനുട്ട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 4 | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ | 09.10.2018 | മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. യോഗം ചേർന്നതെന്തിനെന്ന് വ്യക്തമല്ല. ഇതിനുശേഷം യോഗം ചേർന്നതായി കാണുന്നില്ല. |
| 5 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | 9.10.2018 | 2019-20 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| | | 12.7.2019 | വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള അപേക്ഷകളുടെ അർഹത പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള യോഗം. എന്നാൽ ഇത് വർക്കിങ്ങ് ഗ്രൂപ്പിന്റെ അധികാരത്തിലോ ചുമതലയിലോ ഉൾപ്പെടുന്ന കാര്യമല്ല. |
| | | 01.01.2020 | മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. യോഗം ചേർന്നതെന്തിനെന്ന് വ്യക്തമല്ല |
| | | 21.1.2020 | 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| 6 | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാനസ്ജെൻഡർ മുതലായവർ) | | മിനുട്ട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 7 | വനിതാവികസനം | | മിനുട്ട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 8 | പട്ടികജാതി വികസനം / പട്ടികവർഗ്ഗ വികസനം | 24.6.2019<br>01.01.2020 | മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. യോഗം ചേർന്നതെന്തിനെന്ന് വ്യക്തമല്ല |
| | | 21.01.2020 | 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| | | 12.2.2020<br>07.02.2020 | മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. യോഗം ചേർന്നതെന്തിനെന്ന് വ്യക്തമല്ല |
| 9 | ആരോഗ്യം | 9.10.2018 | 2019-20 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| | | 12.8.2019 | പദ്ധതി അവലോകനം |
| | | 1.1.2020 | സ്റ്റാറ്റസ് റിപ്പോർട്ട് |
| | | 21.1.2020 | 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| 10 | കുടിവെള്ളം ശുചിത്വം മുതലായവ | 9.10.2018 | 2019-20 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| | | 01.01.2020 | സ്റ്റാറ്റസ് റിപ്പോർട്ട് |
| | | 21.01.2020 | 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും ,യുവജനകാര്യം | | മിനുട്ട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 12 | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | 6.11.2018 | 2019-20 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |
| | | 01.01.2020 | മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. യോഗം ചേർന്നതെന്തിനെന്ന് വ്യക്തമല്ല |
| | | 21.01.2020 | 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നയോഗം. |

| | | | |
|---|---|---|---|
| 13 | ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | | മിനുട്ട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |

വർക്കിങ്ങ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക അപഗ്രഥിക്കുക, അവസ്ഥാരേഖ (Status Report) പരിഷ്ക്കരിക്കുക, ഗ്രാമസഭയിൽ അച്ചടിച്ചുനൽകുന്നതിനാവശ്യമായ വിവരങ്ങളും പദ്ധതിരേഖയിൽ ഉൾപ്പെടുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കുക തുടങ്ങിയ ചുമതലകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ യഥാവിധി നിർവ്വഹിക്കുന്നില്ല എന്ന് മിനുട്ട്സ് ബുക്കുകളുടെ പരിശോധനയിൽ വ്യക്തമാകുന്നുണ്ട്.

വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യുക എന്ന ഏറ്റവും പ്രധാനവും പദ്ധതിയുടെ പരിപൂർണ്ണവിജയം ഉറപ്പാക്കുന്നതുമായ ചുമലതലയും നിറവേറ്റപ്പെടുന്നില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിങ്ങ് പ്രവർത്തനങ്ങളിൽ ഏറ്റവും കാര്യക്ഷമമായ ചുമതലകൾ നിർവ്വഹിക്കേണ്ട സമിതികളാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വർക്കിങ്ങ്ഗ്രൂപ്പുകളുടെ ദിശാബോധത്തോടെയുള്ള പ്രവർത്തനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതികളുടെ വിജയത്തിനാധാരം. എന്നാൽ കേവലം സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ബാദ്ധ്യത നിറവേറ്റുക എന്നതിലേക്ക് ചുരുങ്ങുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം. അധികാരവികേന്ദ്രീകരണപ്രക്രിയയുടെ അന്തസത്ത ഉൾക്കൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വർക്കിങ്ങ് ഗ്രൂപ്പുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്റ്റാന്റിങ്ങ് കമ്മറ്റികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ദുരിതാശ്വാസ നിധി - വിനിയോഗിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. SB 67086079564 State Bank Of India). പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ധനസഹായം നൽകിയിട്ടില്ല (നിധിയിൽ 1484 രൂപ മാത്രമാണ് നീക്കിയിരുപ്പുള്ളത്). ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പും കമ്മറ്റിയുടെ മിനുട്ട്സ് ബുക്കും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം.13/24.03.2021) ആവശ്യപ്പെട്ടതിന് ആയത് ഹാജരാക്കിയില്ലെങ്കിലും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ചട്ടപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി ദുരിതാശ്വാസം അനുവദിക്കുന്നില്ല എന്നും പുതിയ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം സബ് കമ്മറ്റി പുനസംഘടിപ്പിച്ചിട്ടില്ല എന്നും അടുത്ത കമ്മറ്റിയിൽ ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും

ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വെള്ളക്കരം കുടിശ്ശിക - 68.65ലക്ഷം രൂപയുടെ ബാദ്ധ്യത

ഗ്രാമപഞ്ചായത്തിലെ 135 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 59063/- രൂപ (ടാപ്പൊന്നിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ) ജലഅതോറിറ്റിയിൽ അടക്കേണ്ടതാണ്. അതാത് മാസങ്ങളിലെ വെള്ളക്കരം യഥാസമയം ഗ്രാമപഞ്ചായത്ത് അടക്കുന്നുണ്ടെങ്കിലും ജലഅതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം ഈയിനത്തിൽ കുടിശിക ഉള്ളതായി കാണുന്നു. 2020 മാർച്ച് മാസത്തെ വെള്ളക്കരം കുടിശിക 49,72,309/-രൂപയാണ് (ജലഅതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് നം.41762 / 16.03.2020). ഇത് 2021 മാർച്ച് മാസം ആയപ്പോൾ 68,65,277/- രൂപയായി വർദ്ധിച്ചിട്ടുണ്ട് (ജലഅതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് നം.50104 / 08.03.2021).

2019-20 വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം അലോട്ടമെന്റിന്റെ ഒന്നും രണ്ടും ഗഡുക്കളിൽ നിന്നും 23429/- രൂപ വീതം ആകെ 46858/- രൂപ വെള്ളക്കരം കുടിശ്ശികയിനത്തിൽ ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട് ( പ്രോജക്ട് നം. 0214/20 , 0241/20 എന്നിവ പ്രകാരം ഇത് പഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്). തൻവർഷം ഉത്ഭവത്തിൽ കുറവ് ചെയ്ത 46858/- രൂപയും മുൻവർഷങ്ങളിൽ കുറവ് ചെയ്തിട്ടുള്ള തുകകൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര കുടിശ്ശികയിൽ വകകൊള്ളിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഇല്ലായെങ്കിൽ കുറവ് ചെയ്ത തുക ഉൾപ്പെടുത്തി പുതുക്കിയ ഡിമാന്റ് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും വെള്ളക്കരം കുടിശിക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതക്കണക്കിൽ ഉൾപ്പെടുത്താത്തതിന്റെ കാരണവും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് രേഖാമൂലം (എൻക്വയറി നം.07/ 23.03.2021) ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെടുത്തി ഡിമാന്റ് പുതുക്കി ജലഅതോറിറ്റി നൽകിയിട്ടില്ല എന്നും ജലഅതോറിറ്റിയുടെ അക്കൗണ്ട്സ് വിഭാഗവുമായി ബന്ധപ്പെട്ട് കൃത്യത വരുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റ ഗ്രാന്റിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുകകൾ കുടിശികതുകയിൽ കുറവ് ചെയ്ത് പുതുക്കിയ ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നതിനുവേണ്ട നടപടികളും കുടിശികതുക അടവാക്കുന്നതിനുള്ള നടപടികളും അടിയന്തിര പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് ഭാവിയിൽ പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കേണ്ട ഗ്രാന്റ് തുകയിൽ നിന്നും ഉത്ഭവത്തിൽ തുക കുറവ്ചെയ്യപ്പെടുന്നതിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ട വികസനപ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട് ലഭിക്കാതെ വരുന്നതിനും കാരണമാകും.

1-16 വി.ഇ.ഒ.മണ്ണുത്തുർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

ഓഡിറ്റ് വർഷം വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ മണ്ണുത്തുർ നിർവ്വഹണം നടത്തിയ ചില പ്രോജക്ടുകളിൽ വിവിധങ്ങളായ അപാകതകൾ കാണുന്നുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം / രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/24.03.2021) ആയവ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1-16-1 എം.ആർ.എഫ്.സെന്ററിലെ പ്രവർത്തകർക്ക് ധനസഹായം

80000/-രൂപ തനത്ഫണ്ട് വകയിരുത്തി നിർവ്വഹണം നടത്തപ്പെട്ട എം.ആർ.എഫ്.സെന്ററിലെ പ്രവർത്തകർക്ക് ധനസഹായം (എസ്.220/20) എന്ന പ്രോജക്ടിന്റെ ഭാഗമായി 27000/- രൂപ (വൗ.നം.21900753/ 30.11.2019) പിൻവലിച്ചിട്ടുണ്ട്. ഈ തുക കാത്തലിക്ക് സിറിയൻ ബാങ്ക് മണ്ണുത്തുർ ശാഖയിലെ 0124 04058273 195001 എന്ന അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതായി

ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക പ്രസ്തുത അക്കൗണ്ടിൽ മുതൽക്കൂട്ടിയതിന്റെയും ബന്ധപ്പെട്ടവർക്ക് ധനസഹായം അനുവദിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 27000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16-2 അംഗപരിമിതർക്ക് പെട്ടിക്കടകൾ**

148850 രൂപ വികസനഫണ്ട് (എസ്.സി.പി.) അടങ്കലോടെ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടാണിത്. ഓഡിറ്റ് വർഷം ഇതിൽ നിന്നും 30000/- രൂപ ( ബിൽ നം. 01/VEO/ 2019-20 / 27.7.2019) ശ്രീ.രതീഷ്.എ.കെ. എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷ പ്രകാരം ഗുണഭോക്താവ് ശ്രീ.അനിൽ രാജ് എന്നയാളാണ്. ഗുണഭോക്താവിന് സബ്സിഡി തുക നൽകാതെ മറ്റൊരാൾക്ക് നൽകിയത് സംബന്ധിച്ച് കാരണം വ്യക്തമല്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിന് വിധേയമായി 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16-3 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി**

750000/- വികസന ഫണ്ട് (എസ്.സി.പി) അടങ്കൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ഭാഗമായി രണ്ടു ഗുണഭോക്താക്കൾക്കായി 2 ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 1.5 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. 1.5 ലക്ഷം രൂപ ശ്രീ.സജീവ്. ടി.കെ. എന്നയാൾക്ക് പണി പൂർത്തീകരിച്ചതിനെ തുടർന്ന് നൽകിയിട്ടുണ്ട്. ബിൽ നമ്പർ 04/ VEO / 2019-20 / 23.7.2019 പ്രകാരം പ്രീതിമോൾ എന്ന ഗുണഭോക്താവിന് , 158000 രൂപ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 50000/- മുൻകൂർ നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവ് പണി പൂർത്തീകരിച്ച് വാലുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ബാക്കി ധനസഹായം കൈപ്പറ്റിയിട്ടുള്ളതായി കാണുന്നില്ല. ടിയാൾ പണി പൂർത്തീകരിച്ച് ബാക്കിതുക കൈപ്പറ്റുന്നതിന് വിധേയമായി മുൻകൂർ നൽകിയ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 കാർഷിക പ്രോജക്ടുകൾ - അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല.**

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകൃത ലിസ്റ്റ്, ഗുണഭോക്താക്കൾ കൃഷി ചെയ്തു എന്ന് തെളിയിക്കുന്ന രേഖകൾ, മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/24.03.2021) ന് മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

**1-17-1 നെൽകൃഷിവികസനം- കൂലിചെലവ് സബ്സിഡി**

| | |
|---|---|
| പ്രോജക്ട് | നെൽകൃഷിവികസനം- കൂലിചെലവ് സബ്സിഡി (എസ്.098/20) |
| അടങ്കൽ | 700000/- (വികസനഫണ്ട്- ജനറൽ)<br>15000/- (തനത് ഫണ്ട് )<br>715000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>1430000/- |
| ചെലവ് വിവരം | 72776/- (ബിൽ നം.KDP/05/2019-20/ 25.02.2020)<br>506/- (ബിൽ നം.KDP/02/2019-20/ 28.09.2019)<br>395454/- (ബിൽ നം.KDP/06/2019-20/ 25.02.2020)<br>468736/- (വികസനഫണ്ട്- ജനറൽ)<br>15000/- (ചെക്ക് നം.5384216 / 24.1.2020)<br>15000/- (തനത് ഫണ്ട്) |

| | |
|---|---|
| | 410454/- (ബിൽ നം.KDP/04/2019-20/ 25.02.2020)<br>72776/- (ബിൽ നം.KDP/01/2019-20/ 25.02.2020)<br>506/- (ബിൽ നം.KDP/07/2019-20/ 25.02.2020)<br>483736/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

ഈ പ്രോജക്റ്റിന്റെ ഭാഗമായി 322 ഗുണഭോക്താക്കൾക്ക് കൂലിചെലവ് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകൃത ലിസ്റ്റ്, ഗുണഭോക്താക്കൾ കൃഷി ചെയ്തു എന്ന് തെളിയിക്കുന്ന രേഖകൾ, മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയവ ലഭ്യമാക്കുന്നതിന് വിധേയമായി 967472/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17-2 പച്ചക്കറിക്കൃഷിക്ക് കൂലിചെലവ് സബ്സിഡി

| | |
|---|---|
| പ്രോജക്റ്റ് | പച്ചക്കറിക്കൃഷിക്ക് കൂലിചെലവ് സബ്സിഡി (എസ്.099/20) |
| അടങ്കൽ | 100000/- (വികസനഫണ്ട്- ജനറൽ) |
| ചെലവ് വിവരം | 42688/- (ബിൽ നം.KDP/08/2019-20/ 13.03.2020) |

ഈ പ്രോജക്റ്റിന്റെ ഭാഗമായി 44 ഗുണഭോക്താക്കൾക്ക് കൂലിചെലവ് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകൃത ലിസ്റ്റ്, ഗുണഭോക്താക്കൾ കൃഷി ചെയ്തു എന്ന് തെളിയിക്കുന്ന രേഖകൾ, മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയവ ലഭ്യമാക്കുന്നതിന് വിധേയമായി 42688/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എസ്ബിഐ ഹൗസിംഗ് അക്കൗണ്ട് - പ്രവർത്തനരഹിതം

ഗ്രാമപഞ്ചായത്തിന് എസ്.ബി.ഐ ബാങ്കിന്റെ കാക്കൂർ ബ്രാഞ്ചിൽ അക്കൗണ്ട് നം. 57056111318 പ്രകാരം ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിലവിലുണ്ടായിരുന്നു. വാർഷികധനകാര്യപത്രികയുടെ B17 ഷെഡ്യൂൾ പ്രകാരം നിലവിൽ ഈ അക്കൗണ്ടിൽ 14176/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ, ഇടപാടുകളില്ലാത്തതിനാൽ നിലവിൽ ടി അക്കൗണ്ട് പ്രവർത്തനരഹിതമാണ്. ആയതിനാൽ പാസ്ബുക്ക് പതിക്കുന്നതിനോ, ബാങ്ക് സ്റ്റേറ്റ്മെന്റ് അപ്ഡേറ്റ് ചെയ്യുന്നതിനോ സാധിക്കുന്നില്ല. ബാങ്ക് പലിശയും ഈ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നില്ല. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക ഏത് പദ്ധതി പ്രകാരം ലഭിച്ച തുകയാണെന്നും, അക്കൗണ്ട് പ്രവർത്തനക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/24.03.2021) ടി തുക ഏത് പദ്ധതി പ്രകാരം ലഭിച്ച തുകയാണെന്ന വിവരം ലഭ്യമല്ല എന്നും, ബാങ്ക് അക്കൗണ്ട് ആക്റ്റീവ് ആക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് അക്കൗണ്ടിലെ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ, സർക്കാരിലേക്ക് തിരിച്ചടക്കേണ്ട തുകയാണെങ്കിൽ തിരിച്ചടക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഫാക്ടറി-വ്യാപാര ലൈസൻസ് - അപാകതകൾ

തിരുമാറാടി ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തേക്ക് ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതിൽ താഴെ പറയുന്ന

അപാകതകൾ ഉണ്ട്.

1) 2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും തിരുമാറാടി ഗ്രാമപഞ്ചായത്ത് മേൽ ചട്ടത്തിലെ ചട്ടം 10, പട്ടിക II പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് തീരുമാനം എടുത്തത് 29.02.2020ൽ (തീരുമാന നം. 3/1) മാത്രമാണ്. ആയതിനാൽ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് പകരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്.

2) 2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങളിലെ 12(5)-ാം ചട്ടം, പട്ടികVI പ്രകാരം തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾക്ക് അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലീയറൻസ് ആവശ്യമാണ്. എന്നാൽ, ഇപ്രകാരമുള്ള രണ്ട് വ്യവസായ യൂണിറ്റുകൾക്ക് 2019-20ൽ ലൈസൻസ് നൽകിയത് അഗ്നിശമന സേനാ വകുപ്പിന്റെ ക്ലീയറൻസ് ഇല്ലാതെയാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം |
|---|---|---|
| 1 | എ3-895/19-20(7) | പേങ്ങാട്ട് മാച്ച് ഇൻഡസ്ട്രീസ്, തിരുമാറാടി |
| 2 | എ3-1568/19-20(95) | തുഷാര മാച്ച് വർക്സ്, കാക്കൂർ |

മേൽ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/23.03.2021) വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയതെങ്കിലും ആയത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ച ലൈസൻസ് ഫീസിന് തുല്ല്യമാണെന്നും, നിലവിൽ പ്രവർത്തിച്ച് വരുന്ന തീപ്പെട്ടി നിർമ്മാണ യൂണിറ്റായതിനാലാണ് ലൈസൻസ് പുതുക്കി നൽകിയപ്പോൾ അഗ്നിശമന സേനാ വകുപ്പിന്റെ ക്ലീയറൻസ് ആവശ്യപ്പെടാത്തത് എന്നും മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ, ലൈസൻസിനുള്ള അപേക്ഷ ഏതൊരു സാമ്പത്തികവർഷവും അവസാനിക്കുന്നതിന് മുമ്പായി 30 ദിവസത്തിനുള്ളിൽ ഭരണസമിതി നിശ്ചയിച്ച ഫീസ് ഉൾപ്പെടെ സമർപ്പിക്കേണ്ടതും, ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് പരമാവധി 30 ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ് (ചട്ടം 12(3), എന്നിരിക്കെ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക II ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം (തീരുമാനം3/1) എടുത്തിട്ടുള്ളത് 29.02.2020ൽ മാത്രമാണ്. ലൈസൻസിന്റെ കാലാവധി സാമ്പത്തികവർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതാണ് (ചട്ടം 8). 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 233(4) പ്രകാരം മറ്റേതെങ്കിലും വകുപ്പുകളുടെ റിപ്പോർട്ടോ, നിരാക്ഷേപപത്രമോ ആവശ്യമാണെങ്കിൽ ആയത് സെക്രട്ടറി ലഭ്യമാക്കി പരിശോധിക്കേണ്ടതാണ്. 2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങളിലെ 12(5)-ാം ചട്ടം, പട്ടികVI പ്രകാരം തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾക്ക് അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലീയറൻസ് ആവശ്യമാണ്. ആയതിനാൽ, മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യമോ ആയേക്കാവുന്ന വ്യവസായങ്ങളെ

നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 തൊഴിൽനികുതി ഈടാക്കിയില്ല

### (എ) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി നോട്ടീസ് നൽകി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മോനിക്ക ഫ്ലൈയിംസ് | എ3-780/2019-20(8) | 2 |
| 2 | ജെയ്സ് മിൽക് പ്രോഡക്ട് & സിപ്അപ്പ് | എ3-749/2019-20(7) | 6 |
| 3 | പുൽപ്പാറ ഗ്രാനൈറ്റ്സ് | എ3-465/2019-20(16) | 4 |
| 4 | പോങ്ങാട്ട് മാച്ച് ഇൻഡസ്ട്രീസ് | എ3-895/2019-20(25) | 9 |
| 5 | ജനസേവാകേന്ദ്രം | എ3-1300/2019-20(70) | 2 |
| 6 | എം ജോർജ് ബ്രദ് ലഹേം ആയുർവേദ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ & റിസർച്ച് സെന്റർ | എ3-1371/2019-20(81) | 3 |
| 7 | ബി കെയർ ഡയഗ്നോസ്റ്റിക്സ് സെന്റർ | എ3-1468/2019-20(88) | 2 |
| 8 | തുഷാര മാച്ച് വർക്സ് | എ3-1568/2019-20(95) | 95 |
| 9 | നീതി മെഡിക്കൽ സ്റ്റോർ | എ3-1884/2019-20(121) | 1 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### (ബി) കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. 1994ലെ കേരളപഞ്ചായത്ത് രാജ് നിയം, വകുപ്പ് 204 പ്രകാരം കരാറുകാരിൽ നിന്നും തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ, തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽനികുതി

ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 60 ദിവസത്തിൽ കുറയാത്ത കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.[1]

| ക്രമ നം. | കരാറുകാരന്റെ പേര്, വിലാസം | കരാർ നം. തീയതി | കരാർ തുക |
|---|---|---|---|
| 1 | എം സി ജോൺ,<br>മഴുകുന്നേൽ,<br>മണ്ണത്തൂർ | 2/AE/LSGD/TMDY/19-20, 22.07.2019<br>14/AE/LSGD/TMDY/19-20, 25.10.2019<br>39/AE/LSGD/TMDY/19-20, 13.11.2019<br>41/AE/LSGD/TMDY/19-20, 25.11.2019<br>42/AE/LSGD/TMDY/19-20, 25.11.2019<br>54/AE/LSGD/TMDY/19-20, 18.12.2019 | 20000<br>20000<br>529798<br>75000<br>138000<br>1524000 |
| 2 | രാജേഷ് തമ്പി<br>കൊച്ചുപറമ്പിൽ<br>മണ്ണത്തൂർ | 4/AE/LSGD/TMDY/19-20, 07.08.2019<br>5/AE/LSGD/TMDY/19-20, 07.08.2020<br>15/AE/LSGD/TMDY/19-20, 26.10.2019<br>64/AE/LSGD/TMDY/19-20, 03.01.2020<br>67/AE/LSGD/TMDY/19-20, 09.01.2020<br>68/AE/LSGD/TMDY/19-20, 09.01.2020<br>69/AE/LSGD/TMDY/19-20, 09.01.2020 | 20000<br>5002<br>140000<br>112000<br>336000<br>112000<br>112000 |
| 3 | ഷാജിമോൻ കെ കെ<br>കരിമ്പാറക്കൽ<br>കാക്കൂർ പി ഒ | 7/AE/LSGD/TMDY/19-20, 18.09.2019<br>47/AE/LSGD/TMDY/19-20, 07.12.2019<br>78/AE/LSGD/TMDY/19-20, 09.01.2020 | 456000<br>110000<br>100000 |
| 4 | സുബി പോൾ<br>വലിയാനപ്പറമ്പിൽ<br>മണ്ണത്തൂർ | 8/AE/LSGD/TMDY/19-20, 25.10.2019<br>9/AE/LSGD/TMDY/19-20, 25.10.2019 | 536100<br>336000 |
| 5 | ബാബു വർഗീസ്,<br>അത്താണിക്കൽ പുത്തൻപുരയിൽ,<br>മണ്ണത്തൂർ | 10/AE/LSGD/TMDY/19-20, 25.10.2019<br>11/AE/LSGD/TMDY/19-20, 25.10.2019<br>12/AE/LSGD/TMDY/19-20, 25.10.2019<br>13/AE/LSGD/TMDY/19-20, 25.10.2019<br>44/AE/LSGD/TMDY/19-20, 07.12.2019<br>45/AE/LSGD/TMDY/19-20, 07.12.2019<br>46/AE/LSGD/TMDY/19-20, 07.12.2019 | 351000<br>193000<br>199000<br>230600<br>608347<br>751596<br>529137 |
| 6 | എം സി രാജൻ,<br>മാരിയിൽ,<br>പാമ്പാക്കുട | 17/AE/LSGD/TMDY/19-20, 29.10.2019<br>18/AE/LSGD/TMDY/19-20, 04.11.2019<br>19/AE/LSGD/TMDY/19-20, 04.11.2019<br>66/AE/LSGD/TMDY/19-20, 09.01.2020<br>70/AE/LSGD/TMDY/19-20, 09.01.2020 | 706000<br>791700<br>765000<br>16000<br>637830 |
| 7 | സോണി എബ്രഹാം,<br>പുൽപ്പാറയിൽ<br>മണ്ണത്തൂർ പി ഒ | 20/AE/LSGD/TMDY/19-20, 04.11.2019<br>49/AE/LSGD/TMDY/19-20, 07.12.2019<br>50/AE/LSGD/TMDY/19-20, 07.12.2019 | 110000<br>150000<br>426000 |
| 8 | കെ എൽ വിജയൻ<br>കട്ടിക്കാട്ടിൽ<br>തിരുമാറാടി | 21/AE/LSGD/TMDY/19-20, 04.11.2019<br>22/AE/LSGD/TMDY/19-20, 04.11.2019<br>35/AE/LSGD/TMDY/19-20, 13.11.2019<br>63/AE/LSGD/TMDY/19-20, 03.01.2020 | 422000<br>175000<br>389000<br>50000 |
| 9 | നോബി ജോൺ<br>നെരുവേലിൽ പുത്തൻപുര<br>കൂത്താട്ടുകുളം | 27/AE/LSGD/TMDY/19-20, 05.11.2019<br>28/AE/LSGD/TMDY/19-20, 05.11.2019<br>29/AE/LSGD/TMDY/19-20, 05.11.2019<br>56/AE/LSGD/TMDY/19-20, 27.12.2019<br>59/AE/LSGD/TMDY/19-20, 03.01.2020<br>61/AE/LSGD/TMDY/19-20, 03.01.2020<br>60/AE/LSGD/TMDY/19-20, 03.01.2020<br>62/AE/LSGD/TMDY/19-20, 03.01.2020<br>84/AE/LSGD/TMDY/19-20, 22.02.2020 | 512100<br>374000<br>132000<br>550000<br>481000<br>100000<br>491400<br>652000<br>66963 |
| 10 | ബൈജു ഐസക്ക്<br>കണ്ണായിക്കാട്ട്<br>കിഴകൊമ്പ് | 43/AE/LSGD/TMDY/19-20, 25.11.2019<br>71/AE/LSGD/TMDY/19-20, 09.01.2020<br>72/AE/LSGD/TMDY/19-20, 09.01.2020<br>73/AE/LSGD/TMDY/19-20, 09.01.2020<br>74/AE/LSGD/TMDY/19-20, 09.01.2020<br>75/AE/LSGD/TMDY/19-20, 09.01.2020<br>76/AE/LSGD/TMDY/19-20, 09.01.2020<br>77/AE/LSGD/TMDY/19-20, 09.01.2020 | 225000<br>360600<br>522673<br>374000<br>83000<br>348000<br>170000<br>220000 |

മേൽ സൂചിപ്പിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും

2019-20 സാമ്പത്തികവർഷത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | കോഡ്സ് കൾസ്ട്രക്ഷൻസ്, മണ്ണത്തൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ക്യൂബിക്സ് ഇൻഫ്രാസ്ടക്ചർ, തിരുമാറാടി | ,, ,, |
| 3 | മാവേലി സ്റ്റോർ, വെട്ടിമൂട് | |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ്, മണ്ണത്തൂർ | രണ്ടാം അർദ്ധവർഷം മാത്രം |

മേൽ സ്ഥാപനങ്ങളുടെ ശരാശരി വാർഷിക വിറ്റുവരവ് പരിശോധിച്ച് സ്ഥാപനതൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 സാമ്പത്തികസ്ഥിതി ആരോഗ്യകരമല്ല

തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികധനകാര്യപത്രികയിലെ B17 ഷെഡ്യൂൾ പ്രകാരം 31.03.2020ലെ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പ് 7414253/- രൂപയാണ്. എന്നാൽ, ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് സർക്കാരിൽ നിന്നും, വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ്, നിലവിലെ സെക്യേർഡ് ലോൺ, പഞ്ചായത്തിന്റെ വിവിധ ബാധ്യതകൾ എന്നിവ 8075089/- രൂപയാണ്.

| ഷെഡ്യൂൾ | ഇനം | തുക |
|---|---|---|
| B2 | ദുരിതാശ്വാസനിധി | 1484 |
| B4 | തൊഴിലുറപ്പ് പദ്ധതി | 185942 |
| | ഐസിഡിഎസ് | 2497229 |
| | എംപി ഫണ്ട് | 36512 |
| | ( 320200305) വിവരം ലഭ്യമല്ല | 533330 |
| | ലിറ്ററസി സ്കീം ഗ്രാന്റ് | 1388 |
| | ശുചിത്വ മിഷൻ | 813173 |
| | ലൈഫ് മിഷൻ ഭവനനിധി | 1625187 |
| B5 | ഹഡ്കോ വായ്പ | 1288931 |
| B7 | മറ്റുള്ളവരിൽ നിന്നുള്ള ഡെപ്പോസിറ്റ് | 380601 |
| B9 | ജീവനക്കാർക്കും, മറ്റ് സർക്കാർ ഏജൻസികളിലേക്കും അടക്കാനുള്ള തുക | 711312 |
| ആകെ | | 8075089 |

മേൽ സൂചിപ്പിച്ച പട്ടിക പരിശോധിക്കുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിനേക്കാൾ660836/- രൂപ (8075089-7414253) അധികമായി ദൈനംദിന ചെലവുകൾക്ക് ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാണ്. മറ്റ് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ആവശ്യത്തിന് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയ തുകയിൽ നിന്നുമാണ് നിലവിൽ പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായുള്ള ചെലവുകൾ നടത്തുന്നത്. നിലവിലുള്ള തനത് ഫണ്ട് ഇനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നിയമം അനുശാസിക്കുന്ന പുതിയ തനത് ഫണ്ട് സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സ്റ്റോക്ക് രജിസ്റ്റർ - സൂക്ഷിക്കുന്നതിലെ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 150 പ്രകാരം പ്രധാനമായും രണ്ട് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ഓഫീസ് ഫർണിച്ചറും പുസ്തകങ്ങൾ ഒഴികെയുള്ള മറ്റ് സ്റ്റോറുകളും ഉൾപ്പെടുത്തി ഒരു രജിസ്റ്ററും പുസ്തകങ്ങൾ, ഫോമുകൾ, സ്റ്റേഷനറി എന്നിവ ഉൾപ്പെടുത്തി മറ്റൊന്നും. ഇത്തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാർഷിക പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന സാധനസാമഗ്രികൾ ആയവ വരുന്ന സമയത്ത് സോഫ്റ്റ് വെയർ പ്രകാരം സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവ ഓരോന്നിനും നമ്പർ ഇട്ട് പ്രത്യേകം മേൽപറഞ്ഞ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. ഓഫീസ് മേധാവി തന്റെ കസ്റ്റഡിയിൽ, മാർച്ച് 31 ന് സ്റ്റോക്കിലുള്ള സ്റ്റോറുകളുടെ കൃത്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തേണ്ടതും ഉപയോഗക്ഷമമല്ലാത്ത സാധനങ്ങൾ ഉണ്ടെങ്കിൽ അവ ക്രമപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ് (ആർട്ടിക്കിൾ 153, കെ.എഫ്.സി). എന്നാൽ ഇപ്രകാരം സ്റ്റോക്ക് സർട്ടിഫിക്കറ്റുകൾ സെക്രട്ടറി രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം സൂക്ഷിക്കേണ്ടതാണ്. മറിച്ചുള്ള അവസ്ഥ പഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ട് പോകുന്നതിനും നശിച്ചുപോകുന്നതിനും കാരണമാക്കിത്തീർക്കും.

## 1-24 തുല്യതാ പഠനം തുക നല്കൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 211/19-20 |
| പ്രോജക്ടിന്റെ പേര് | തുല്യതാ പഠനം തുക നല്കൽ |
| അടങ്കൽതുക | 41000/- തനത് ഫണ്ട്. |
| ചെലവ് വിവരം | 1) 18500/- ചെക്ക് നം. 93291/28.2.20<br>2) 22500/-ചെക്ക് നം. 93301/19.3.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,തിരുമാറാടി ഗ്രാമപഞ്ചായത്ത് |

ടി പ്രോജക്ട് പ്രകാരം 2019-20 വർഷം പത്താം തരം തുല്യതാ കോഴ്സ്, പതിനൊന്നാം തരം തുല്യതാ കോഴ്സ്, എന്നിവ നടത്തുന്നതിനായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 )2020-21 ലെ ഹാജർ രേഖകളാണ് ഫയലിൽ ഉള്ളത്.

2) മേൽപ്പറഞ്ഞ തുല്യതാ പരീക്ഷ എഴുതിയതിന്റെയോ തുല്യത കൈവരിച്ചതിന്റെയോ വിവരമോ പേരുവിവരമോ ലഭ്യമല്ല.

മേൽപ്പറഞ്ഞ തുല്യതാ പരീക്ഷ എഴുതിയതിന്റെയോ തുല്യത കൈവരിച്ചതിന്റെയോ വിവരമോ പേരുവിവരമോ ഓഡിറ്റ് എൻക്വയറി (15/23.03.2021) നല്കിയിട്ടും ലഭ്യമാക്കിയിട്ടില്ല. തുല്യതാ പരീക്ഷ എഴുതിയതിന്റെയും തുല്യത കൈവരിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം- സ്റ്റോക്ക് രജിസ്ററർ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 97/19-20 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം |
| അടങ്കൽതുക<br>ലവ് | 200000/- തനത് ഫണ്ട്.<br>93532/- |
| ചെലവ് വിവരം<br>ചെക്ക് നം.തീയതി | 1)20161/- 92884/30-11-19<br>2) 14959/-5384219/1-2-20<br>3)14113/- ഇല്ല<br>4)19016/-92287/16-8-19<br>5)13796/-95320/16.7.19<br>6)11487/-93303/19-3-20<br>7)5808/-93437/15-7-20 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് തിരുമാറാടി ഗ്രാമപഞ്ചായത്ത് |

ടി പ്രോജക്ട് പ്കാരം 4 സ്കൂളുകൾക്കായി 93532/- രൂപ സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം നല്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

1. ജി.എൽ.പി.എസ് കാക്കൂർ

2.ജി.എൽ.പി.എസ്. മണ്ണൂത്തൂർ

3.ജി.വി.എച്ച്.എസ്.എസ്. തിരുമാറാടി

4.ജി.എച്ച്.എസ് . അത്താണിക്കൽ

ഇതിൽ ജി.എൽ.പി.എസ് കാക്കൂർ, ജി.എൽ.പി.എസ്. മണ്ണൂത്തൂർ എന്നീ സ്കൂളുകളിലെ സ്റ്റോക്ക് രജിസ്ററർ ലഭ്യമാക്കിയിട്ടില്ല.

ടി സ്കൂളുകളിലെ സ്റ്റോക്ക് രജിസ്ററർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ / പ്രോജക്ട് | S0130/19-20-ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | 732100/- |
| ചെലവ് വിവരം/ ബിൽ/ ചെക്ക് നം,തീയതി | 1)168600/-(പഞ്ചായത്ത് വിഹിതം,പ്ളാൻ ഫണ്ട്) 5/19-20/7-2-20<br>2)100000(ബ്ളോക്ക് വിഹിതം)<br>1254950/15-2-20<br>3)181330/-(ജില്ലാ പഞ്ചായത്ത് വിഹിതം) 4/19-20/7-2-20<br>4) 163625/- തനത് ഫണ്ട്-5384202/9-12-19<br>5) 30435/-തനത് ഫണ്ട്-5384221/6-2-20 |
| ആകെ ചെലവ് | 643990/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിൻ കീഴിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 643990/- രൂപ ചെലവഴിച്ചിട്ടുണ്ട്.മാനസികവെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് 23529/- രൂപയാണ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ ബത്ത<br>പ്രതിവർഷം |
|---|---|
| സ്കോളർഷിപ്പ് | 13000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 13000 |
| ഉല്ലാസ യാത്രാചെലവുകൾ | 1000 |
| ആകെ | 28500/- |

സർക്കാർ നിർദ്ദേശ പ്രകാരം പ്രതിവർഷം 28500/- രൂപയാണ് സ്കോളർഷിപ്പ് ആയി നൽകേണ്ടത്.വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പ

വരുത്തുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.Of India, 26, Haddows Road, Shastri Bhavan, Chennaഎന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 മാസം മുതൽ 3വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റ്, രാമമംഗലം എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് 23.12.2019 ലാണ് ലഭിച്ചിരിക്കുന്നത്.ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യ മുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മുൻഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.

തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗീകമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-10 ൽ ഉൾപ്പെടുത്തിയിരുന്നവയിൽ നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഇനിയും തീർപ്പാക്കാത്ത ഖണ്ഡികകൾ | | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ |
|---|---|---|---|---|
| | | ഖണ്ഡിക നമ്പർ | ആകെ | |
| 1 | 1987-88 | ലഭ്യമല്ല | - | എൽ.എഫ്.ഇ. (പി.3)175/96/ 7.3.96 |
| 2 | 1988-89 | ലഭ്യമല്ല | - | എൽ.എഫ്.ഇ. (പി.2)1159/96/ 6.12.96 |
| 3 | 1996-97 | തീർപ്പാക്കി | | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(1)/ 2018/ 24.7.19 |
| 4 | 1997-98 | തീർപ്പാക്കി | | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(2)/ 2018/ 24.7.19 |
| 5 | 1998-99 | 8,9,10,11,12,13, 14,15,16,17,18 | 11 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(3)/ 2018/ 24.7.19 |
| 6 | 2000-01 | 3-3,3-4 | 2 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(5)/ 2018/ 24.7.19 |
| 7 | 2001-02 | 3-4 | 1 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(6)/ 2018/ 24.7.19 |
| 8 | 2002-03 | 3-1,3-2,3-3,3-4 | 4 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(7)/ 2018/ 24.7.19 |
| 9 | 2003-04 | 3-1,3-2,3-4, 3-6,3-7 | 5 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(8)/ 2018/ 24.7.19 |
| 10 | 2004-05 | 3-1 | 1 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(9)/ 2018/ 24.7.19 |
| 11 | 2005-06 | 3-1,3-2,3-3 | 3 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(10)/ |

| | | | | |
|---|---|---|---|---|
| | | | | 2018/ 24.7.19 |
| 12 | 2006-07 | 3-2,3-5 | 2 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(11)/ 2018/ 24.7.19 |
| 13 | 2007-08 | 3-2,3-4,3-5, 3-6,3-7,3-9 | 6 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(12)/ 2018/ 24.7.19 |
| 14 | 2008-09 | 3-2 | 1 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(13)/ 2018/ 24.7.19 |
| 15 | 2009-10 | 3-2,3-7 | 2 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(14)/ 2018/ 24.7.19 |
| 16 | 2010-11 | 3-3,3-4,3-5, 3-6(1),3-6(2), 3-6(3),3-7,3-8, 3-9 | 9 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(15)/ 2018/ 24.7.19 |
| 17 | 2011-12 & 2012-13 | 2-1(1),2-1(2), 2-2,2-3(1),3-2 | 5 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(16)/ 2018/ 24.7.19 |
| 18 | 2013-14 | 2-3,3-2,3-4, 3-5,3-6,3-7, 3-9,3-10 | 8 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(17)/ 2018/ 24.7.19 |
| 19 | 2014-15 | 2-1,2-2(1), 2-2(2),3-1,3-3, 3-4,3-6,3-8, 3-9,3-10,3-11, 3-12,3-13 | 13 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1811/2016/ 25.2.17 |
| 20 | 2015-16 | 2-1,2-2,3-1, 3-2,3-3,3-4, 3-5,3-6,3-7 | 9 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2440/2016/ 19.4.17 |
| 21 | 2016-17 | തീർപ്പാക്കി | | കെ.എസ്.എ.ഇ.കെ.എം.(പി.9) 1089/2019/ 28.7.2020 |
| 22 | 2017-18 | 2-1,2-2,2-3, 3-3,3-11 | 5 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1779/2019/ 27.7.2020 |
| 23 | 2018-19 | 2-1,2-2,2-3, 3-3(എ),3-6 | 5 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2022/2019/ 28.07.2020 |

ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്ത്, കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. പലപ്പോഴും ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കാലി വീപ്പയുടെ വില കുറച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് വേലകളിൽ 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ

നിരക്കിൽ)ഉള്ള വിലയും 18% ജി.എസ്.ടി യും ആണ് ഈടാക്കേണ്ടിയിരുന്നത്.വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | Soo 171/19-20 |
| പ്രോജക്ടിന്റെ പേര് | തിരുമാറാടി അമ്പലം കമലമറ്റം റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 630000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>605525/-(ബിൽ നം.6/19-20/23.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 9 ബാരൽ<br>എം.ബുക്ക് നം. 58/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 9 = 2142/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | ബൈജു എൈസക്. |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | Soo 159/19-20 |
| പ്രോജക്ടിന്റെ പേര് | പടിഞ്ഞാറെടത്ത് വെട്ടിമൂട് എം.വി.എെ.പി കനാൽ ബണ്ട് റോഡ് റീ ടാറിംഗ് . |
| അടങ്കൽ<br>ചെലവ് | 450591/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>448375/-(ബിൽ നം.8/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 25 ബാരൽ<br>എം.ബുക്ക് നം. 41/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 25 = 5950/- രൂപ.+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിനു പി.രാജൻ |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | Soo 154/19-20 |
| പ്രോജക്ടിന്റെ പേര് | കുഞ്ചുകുന്ന് എസ്.സി.കോളനി റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 347965/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>302069/-(ബിൽ നം.11/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 15 ബാരൽ<br>എം.ബുക്ക് നം. 43/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 15 = 3570/- രൂപ.+18% ജി.എസ്.ടി |
| കരാറുകാരൻ | ബിനു പി.രാജൻ |

4.

| | |
|---|---|
| പ്രോജക്ട് നമ്പർ | Soo 162/19-20 |
| പ്രോജക്ടിന്റെ പേര് | മണ്ണത്തൂർ അത്താണി എച്ച്.എസ്. പെരിങ്ങാട്ട് കനാൽ ബണ്ട് റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 464070/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>463131/-(ബിൽ നം.10/19-20/25.6.19) |
| ആകെ ഉപയോഗിച്ച | 7ബാരൽ<br>എം.ബുക്ക് നം. 47/Tmdy/18-19 |

| | |
|---|---|
| ബിറ്റുമിന്റെ അളവ് | |
| ഈടാക്കേണ്ടതുക | 238 X 7 = 1666/- രൂപ. +18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

5.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | Soo 163/19-20 |
| പ്രോജക്ടിന്റെ പേര് | പുള്ളുങ്കത്താഴം -കുറ്റത്തിനാൽ റോഡ് 2nd ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 900000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>897146/-(ബിൽ നം.14/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18 ബാരൽ<br>എം.ബുക്ക് നം. 50/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 18 = 4284/- രൂപ.+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

6.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | Soo 168/19-20 |
| പ്രോജക്ടിന്റെ പേര് | വെള്ളേലി ഫാം റോഡ് റീ ടാറിംഗ് . |
| അടങ്കൽ<br>ചെലവ് | 390000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>389985/-(ബിൽ നം.12/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 21 ബാരൽ<br>എം.ബുക്ക് നം. 61/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 21 = 4998/- രൂപ.+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

7.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | Soo 160/19-20 |
| പ്രോജക്ടിന്റെ പേര് | വാത്യാപ്പള്ളി -മില്ലും പടി റോഡ് റീ ടാറിംഗ്. |
| അടങ്കൽ<br>ചെലവ് | 296982/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>293614/-(ബിൽ നം.13/19-20/26.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 17 ബാരൽ<br>എം.ബുക്ക് നം. 42/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 17 = 4046/- രൂപ+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

8.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | Soo 170/19-20 |
| പ്രോജക്ടിന്റെ പേര് | ചെന്നയക്കണ്ടം മൂശാരിക്കുന്ന് റോഡ് റീ ടാറിംഗ്<br>വാർഡ്-7 |
| അടങ്കൽ<br>ചെലവ് | 400000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>355950/-(ബിൽ നം.23/19-20/12.7.19) |

| | |
|---|---|
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 4 ബാരൽ<br>എം.ബുക്ക് നം. 65/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 4 = 952/- രൂപ+18% ജി.എസ്.ടി |
| കരാറുകാരൻ | ബൈജു എെസക്. |

9.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | Soo 169/19-20 |
| പ്രോജക്റ്റിന്റെ പേര് | മുത്തുകുന്ന് കല്ല് വളവ് റോഡ് റീടാറിംഗ് വാർഡ് 12. |
| അടങ്കൽ<br>ചെലവ് | 235000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>232749/-(ബിൽ നം.7/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 12 ബാരൽ<br>എം.ബുക്ക് നം. 17/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 12 = 2856/- രൂപ+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

10.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | Soo 161/19-20 |
| പ്രോജക്റ്റിന്റെ പേര് | പുളിക്കാനത്ത് കോളനി റോഡ് റീടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 488283/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>371143/-(ബിൽ നം.9/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 6 ബാരൽ<br>എം.ബുക്ക് നം. 54/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 6 =1428 /- രൂപ.+18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജന് |

ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(20/26-3-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും കാലി വീപ്പയുടെ വിലയായ 31892/- രൂപ 18% ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കാലി വീപ്പയുടെ വില കുറച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് വേലകളിൽ 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ)ഉള്ള വിലയും 18% ജി.എസ്.ടി യും ആണ് ഈടാക്കേണ്ടിയിരുന്നത്.വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00 171/19-20 |
| പ്രോജക്റ്റിന്റെ പേര് | തിരുമാറാടി അമ്പലം കമലമറ്റം റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 630000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>605525/-(ബിൽ നം.6/19-20/23.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 9 ബാരൽ<br>എം.ബുക്ക് നം. 58/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 9 = 2142/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | ബൈജു എെസക്. |

2.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00 159/19-20 |
| പ്രോജക്റ്റിന്റെ പേര് | പടിഞ്ഞാറെടത്ത് വെട്ടിമൂട് എം.വി.എെ.പി കനാൽ ബണ്ട് റോഡ് റീ ടാറിംഗ് . |
| അടങ്കൽ<br>ചെലവ് | 450591/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>448375/-(ബിൽ നം.8/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 25 ബാരൽ<br>എം.ബുക്ക് നം. 41/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 25 = 5950/- രൂപ.+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

3.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00 154/19-20 |
| പ്രോജക്റ്റിന്റെ പേര് | കുഞ്ചുകുന്ന് എസ്.സി.കോളനി റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 347965/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>302069/-(ബിൽ നം.11/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 15 ബാരൽ<br>എം.ബുക്ക് നം. 43/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 15 = 3570/- രൂപ.+18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

4.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00 162/19-20 |
| പ്രോജക്റ്റിന്റെ പേര് | മണ്ണത്തൂർ അത്താണി എച്ച്.എസ്. പെരിങ്ങാട്ട് കനാൽ ബണ്ട് റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 464070/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>463131/-(ബിൽ നം.10/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 7ബാരൽ<br>എം.ബുക്ക് നം. 47/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 7 = 1666/- രൂപ. +18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

5.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 163/19-20 |
| പ്രോജക്ടിന്റെ പേര് | പുള്ളുങ്കത്താഴം -കുറ്റത്തിനാൽ റോഡ് 2nd ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 900000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>897146/-(ബിൽ നം.14/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18 ബാരൽ<br>എം.ബുക്ക് നം. 50/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 18 = 4284/- രൂപ.+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിനു പി.രാജൻ |

6.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 168/19-20 |
| പ്രോജക്ടിന്റെ പേര് | വെള്ളേലി ഫാം റോഡ് റീ ടാറിംഗ് . |
| അടങ്കൽ<br>ചെലവ് | 390000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>389985/-(ബിൽ നം.12/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 21 ബാരൽ<br>എം.ബുക്ക് നം. 61/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 21 = 4998/- രൂപ.+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിനു പി.രാജൻ |

7.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 160/19-20 |
| പ്രോജക്ടിന്റെ പേര് | വാത്യാപ്പള്ളി -മില്ലും പടി റോഡ് റീ ടാറിംഗ്. |
| അടങ്കൽ<br>ചെലവ് | 296982/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>293614/-(ബിൽ നം.13/19-20/26.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 17 ബാരൽ<br>എം.ബുക്ക് നം. 42/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 17 = 4046/- രൂപ+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിനു പി.രാജൻ |

8.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 170/19-20 |
| പ്രോജക്ടിന്റെ പേര് | ചെന്നായക്കണ്ടം മൂശാരിക്കുന്ന് റോഡ് റീ ടാറിംഗ്<br>വാർഡ്-7 |
| അടങ്കൽ<br>ചെലവ് | 400000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>355950/-(ബിൽ നം.23/19-20/12.7.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 4 ബാരൽ<br>എം.ബുക്ക് നം. 65/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 4 = 952/- രൂപ+18% ജി.എസ്.ടി |
| കരാറുകാരൻ | ബൈജു എെസക്. |

9.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 169/19-20 |
| പ്രോജക്ടിന്റെ പേര് | മുത്തുകുന്ന് കല്ല് വളവ് റോഡ് റീ ടാറിംഗ് വാർഡ് 12. |
| അടങ്കൽ<br>ചെലവ് | 235000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>232749/-(ബിൽ നം.7/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 12 ബാരൽ<br>എം.ബുക്ക് നം. 17/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 12 = 2856/- രൂപ+ 18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജൻ |

10.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 161/19-20 |
| പ്രോജക്ടിന്റെ പേര് | പുളിക്കാനത്ത് കോളനി റോഡ് റീ ടാറിംഗ്&മെറ്റലിംഗ് . |
| അടങ്കൽ<br>ചെലവ് | 488283/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>371143/-(ബിൽ നം.9/19-20/25.6.19) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 6 ബാരൽ<br>എം.ബുക്ക് നം. 54/Tmdy/18-19 |
| ഈടാക്കേണ്ടതുക | 238 X 6 =1428 /- രൂപ.+18% ജി.എസ്.ടി |
| കരാറുകാരൻ | ബിന്ദു പി.രാജന് |

ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(20/26-3-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും കാലി വീപ്പയുടെ വിലയായ 31892/- രൂപ 18% ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 483736.00 | നെൽകൃഷി വികസനം (എസ് 0098/20) | 483736.00 | 0.00 |
| | | 207850.00 | പാലിന് സബ്സിഡി (എസ് 0121/20) | 207850.00 | 0.00 |
| | | 181330.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 181330.00 | 0.00 |

| | | | | | |
|---|---|---|---|---|---|
| | | | (എസ് 0130/20) | | |
| | | 400000.00 | ലൈഫ് ഭവനപദ്ധതി-ഫേസ്.3 (എസ് 0202/20) | 400000.00 | 0.00 |
| | | 1100000.00 | ലൈഫ് ഭവനപദ്ധതി-ഫേസ്.2 (എസ് 0231/20) | 1100000.00 | 0.00 |
| ആകെ (160300101) | | 2372916.00 | | 2372916.00 | 0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 60000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ് 0130/20) | 100000.00 | 0.00 |
| | | 1000000.00 | ലൈഫ് ഭവനപദ്ധതി (എസ് 0177/20) | 800000.00 | 200000.00 |
| ആകെ | | 1060000.00 (320700204) | | 900000.00 (251300101) | 200000.00 |

1.സംയുക്ത പ്രോജക്റ്റിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 167473/- രൂപ ( 101973/- Capital + 65500/- Revenue ) B.4 Schedule പ്രകാരം നീക്കിയിരുപ്പുണ്ട്. ഈ തുക ഓഡിറ്റ് വർഷത്തിൽ മുന്നിരുപ്പായി ഉണ്ടായിരുന്ന തുകയാണ്. ഇത് ഏതെല്ലാം പ്രോജക്ടുകൾക്കായിട്ട് ലഭിച്ചതാണെന്നും പ്രസ്തുത തുക ഉൾപ്പെടുത്തി നിലവിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പുതിയ പ്രോജക്റ്റിനായി (എസ്0130/20) തൻവർഷം 60000/- രൂപയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലൈഫ് ഭവനപദ്ധതി (എസ്0177/20) പ്രോജക്റ്റിനായി ലഭിച്ച 10 ലക്ഷം രൂപയിൽ 9 ലക്ഷം രൂപയുടെ ചെലവ് ലെഡ്ജർ പ്രകാരം (251300101 Housing General) കാണുന്നുണ്ടെങ്കിലും സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം 440000/- രൂപ മാത്രമാണ് ചെലവ് കാണുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4.സംയുക്ത പ്രോജക്റ്റിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 1280610/- രൂപ ( 1031200/- Capital + 249410/- Revenue ) B.4 Schedule പ്രകാരം നീക്കിയിരുപ്പുണ്ട്. ഇതിൽ 1031200/- Capital ഇനത്തിലും 49410/- രൂപ Revenue ഇനത്തിലും വർഷാരംഭത്തിൽ നീക്കിയിരുപ്പുള്ള തുകയാണ്. ഇത് ഏതെല്ലാം പ്രോജക്ടുകൾക്കായിട്ട് ലഭിച്ചതാണെന്നും പ്രസ്തുത തുക ഉൾപ്പെടുത്തി നിലവിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ നീട്ടൽ (എസ് 0090/20) | BRN 971458/ 20.12.2019 | 156000 | 0 | 156000 |

ജലഅതോറിറ്റിയിൽ ഓഡിറ്റ് വർഷം 862444/- രൂപ ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201). ധനവിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് ഇതിൽ 596893/-

രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ആയതിന്റെ വിശദവിവരം ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 1503463.00 | 1503463.00 | 205882.00* | 0 | 1297581.00 |

* തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 191176/- രൂപയും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 14706/- രൂപയും ഉൾപ്പെടെയുള്ള തുക.

കുറിപ്പ്: വാർഷികകണക്കിലെ Schedule B-5 പ്രകാരം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക 1288931.00 രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 8650 രൂപ കുറവായിക്കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽ നികുതി | 28.09.2018 ൽ എ1/ 5472 /16 നമ്പർ കത്ത് പ്രകാരം മറുപടി നൽകി |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48606914.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51890103.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31892 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1247160.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഇല്ല | 31892 | ബിന്ദു പ്രസാദ്, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 130000.00 | റെയ്സൺ.പി.വർഗ്ഗീസ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-16-1 | 27000.00 | ശ്രീ.ബിജു.ടി, വി.ഇ.ഒ. മണ്ണുത്തുർ |
| 1-16-2 | 30000.00 | ശ്രീ.ബിജു.ടി, വി.ഇ.ഒ. മണ്ണുത്തുർ |
| 1-16-3 | 50000.00 | ശ്രീ.ബിജു.ടി, വി.ഇ.ഒ. മണ്ണുത്തുർ |
| 1-17-1 | 967472.00 | ശ്രീമതി.സീന.ജോസഫ്, കൃഷി ഓഫീസർ |
| 1-17-2 | 42688.00 | ശ്രീ.ബിജു.ടി, വി.ഇ.ഒ. മണ്ണുത്തുർ |
| ആകെ | 1247160.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| റെയ്സൺ വി വർഗ്ഗീസ്,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, രാമമംഗലം ഗ്രാമപഞ്ചായത്ത് | വരിക്കൽ-ഹൗസ്, കുന്നപ്പിള്ളിൽ, പെരുവ, കോട്ടയം |
| ബിജു.ടി, വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | എക്സ്റ്റൻഷൻ ഓഫീസർ (വിമെൻ വെൽഫെയർ), താനൂർ ബ്ലോക്ക് ഓഫീസ്, മലപ്പുറം | സൂര്യകുളത്ത്, മുള്ളിക്കാട്, ചിതറ.പി.ഒ, കൊല്ലം 691559 |
| സീന ജോസഫ്<br>കൃഷിഓഫീസർ | | കുന്നംപുറത്ത് ഹൗസ്, അത്താനിയേടത്ത് റോഡ്, വെണ്ണല.പി.ഒ, കൊച്ചി-682028 |
| ബിന്ദു പ്രസാദ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ എൽഎസ്ജിഡി സെക്ഷൻ, തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | ആഞ്ഞിൽവെളിയിൽ, പത്താം പയസ് ലെയ്ൽ, പിറ്റിആർആർഎ 538, പൊന്നുരുന്നി, വൈറ്റില പിഒ, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 | എൽ.എഫ്.ഇ. (പി.3)175/96/ 7.3.96 | - |
| 1988-89 | എൽ.എഫ്.ഇ. (പി.2)1159/96/ 6.12.96 | - |
| 1998-99 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(3)/ 2018/ 24.7.19 | 11 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(5)/ 2018/ 24.7.19 | 2 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(6)/ 2018/ 24.7.19 | 1 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(7)/ 2018/ 24.7.19 | 4 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(8)/ 2018/ 24.7.19 | 5 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(9)/ 2018/ 24.7.19 | 1 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(10)/ 2018/ 24.7.19 | 3 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം. | 2 |

| | | |
|---|---|---|
| | (പി.9) 724/ അദാ.(10)/ 2018/ 24.7.19 | |
| 2007-08 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(12)/ 2018/ 24.7.19 | 6 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(13)/ 2018/ 24.7.19 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(14)/ 2018/ 24.7.19 | 2 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(15)/ 2018/ 24.7.19 | 9 |
| 2011-12 & 2012-13 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(16)/ 2018/ 24.7.19 | 5 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം. (പി.9) 724/ അദാ.(17)/ 2018/ 24.7.19 | 8 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1811/2016/ 25.2.17 | 13 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.9) 2440/2016/ 19.4.17 | 9 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1779/2019/ 27.7.2020 | 5 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.9) 2022/2019/ 28.07.2020 | 5 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്